21
2026
ജനുവരി
ബുധൻ
മകരം 7

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-7, Issue No. 22 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-22 | പേജ് 4. വില 2.00 രൂപ




02 റിപ്പബ്ലിക് ദിനാഘോഷം വിപുലമായി സംഘടിപ്പിക്കാൻ നിർദ്ദേശം
03 ലോക സാമ്പത്തിക ഫോറം: കേരളത്തിൻെറ നിക്ഷേപസാധ്യതകൾ അവതരിപ്പിച്ചു
04 തിരഞ്ഞെടുപ്പിനൊരുങ്ങി സി.പി.ഐ(എം) മിഷൻ കൊല്ലം 11ന് തുടക്കം

# വിഴിഞ്ഞം തുറമുഖം തുടർഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം 24ന്

## സംഘാടക സമിതി യോഗം ചേർന്നു

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം 2028ൽ പൂർത്തീകരിക്കുമെന്നും അടുത്ത ഘട്ടങ്ങളുടെ നിർമ്മാണോദ്ഘാടനം 24ന് വൈകീട്ട് നാലിന് മുഖ്യമന്ത്രി നിർവ്വഹിക്കുമെന്നും മന്ത്രി വി എൻ വാസവൻ. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർഘട്ട വികസനപ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനവുമായി ബന്ധപ്പെട്ട സംഘാടക സമിതി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.



വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ആദ്യ കരാർ പ്രകാരം 2045ൽ നിർമ്മാണം പൂർത്തിയാക്കുമെന്നായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ പുതുക്കിയ കരാർ പ്രകാരം 2028ൽ പദ്ധതി പൂർണത കൈവരിക്കും. 10, 000 കോടി രൂപയാണ് പദ്ധതിക്കായി ചെലവിടുന്നത്. 2024 ഡിസംബർ മൂന്നിനാണ് വാണിജ്യാടിസ്ഥാനത്തിലുള്ള തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിനോടകം 670 ഷിപ്പുകളിലായി 14.5 ലക്ഷം കണ്ടെയ്നറുകൾ തുറമുഖത്ത് എത്തി. ലോകത്തിലെ കൂറ്റൻ മദർഷിപ്പുകൾക്ക് തുറമുഖത്ത് എത്തിച്ചേരാൻ കഴിഞ്ഞത് അഭിമാന നേട്ടമാണെന്നും മന്ത്രി പറഞ്ഞു. മുമ്പ് നിശ്ചയിച്ച ലക്ഷ്യത്തിന് അപ്പുറത്തേക്ക് പദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നു. വിഴിഞ്ഞം തുറമുഖം പ്രകൃതിദത്തമായ സൗന്ദര്യത്തോടെ നിലനിൽക്കുന്ന ഒന്നാണ്. കണ്ടെയ്നറുകളുടെ കരമാർഗ്ഗമുള്ള നീക്കത്തിനായി അപ്രോച്ച് റോഡും നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനവും 24ന് നടക്കും. കേന്ദ്ര തുറമുഖ വകുപ്പ് മന്ത്രി, സംസ്ഥാനത്തെ മറ്റ് മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. സാമ്പത്തിക, കാർഷിക, തൊഴിൽ മേഖലകളിൽ വൻ പുരോഗതിയാണ് വിഴിഞ്ഞം പദ്ധതിയിലൂടെ യാഥാർത്ഥ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ വളരെ വേഗത്തിൽ പരിഹരിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച എല്ലാ ആശങ്കകൾക്കും പരിഹാരം ഉണ്ടാകും. മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗം ഒരിക്കലും തടസപ്പെടുത്താൻ അനുവദിക്കില്ലെന്ന നിലപാടാണ് സർക്കാർ എടുത്തിട്ടുള്ളത്. ഇത് ഒരു രാഷ്ട്രീയപ്രശ്നമായി കാണാതെ നാടിന്റെ വികസനമായി കാണണം. തൊഴിൽ നഷ്ടപ്പെട്ടവർക്ക് ഇതുവരെ 116 കോടി രൂപ കൈമാറാൻ കഴിഞ്ഞു. കുടിവെള്ള പ്രശ്നം പരിഹരിച്ചു. വിഴിഞ്ഞം പ്രദേശത്തെ സ്കൂളുകളുടെ വികസനം സാധ്യമാക്കി. കരമടി തൊഴിലാളികളുടെ പ്രശ്നങ്ങളും പരിഹരിക്കുമെന്ന് മന്ത്രി പറഞ്ഞു.

മന്ത്രി വി. ശിവൻകുട്ടി മുഖ്യരക്ഷാധികാരിയായും മന്ത്രിമാരായ ജി ആർ അനിൽ, സജി ചെറിയാൻ രക്ഷാധികാരികളായും സംഘാടക സമിതി രൂപീകരിച്ചു. മന്ത്രി വി എൻ വാസവനാണ് ചെയർമാൻ. എംഎൽഎമാരായ കടകംപള്ളി സുരേന്ദ്രൻ, ഡി കെ മുരളി, വി ജോയ്, എം വിൻസെന്റ് എന്നിവരാണ് വൈസ് ചെയർമാൻമാർ. തുറമുഖം സെക്രട്ടറി എ കൗശിഗൻ ആണ് കൺവീനർ. എംപിമാരായ ശശി തരൂർ, അടൂർ പ്രകാശ്, എ എ റഹീം, ജോൺ ബ്രിട്ടാസ്, എംഎൽഎമാരായ വി കെ പ്രശാന്ത്, ജി സ്റ്റീഫൻ, എ കെ ശശീന്ദ്രൻ, ഐ ബി സതീഷ്, കെ ആൻസലൻ, വി ശശി, ഒ എസ് അംബിക, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ ദിവ്യ എസ് അയ്യർ, എവിപിപിഎൽ സിഇഒ പ്രദീപ് ജയരാമൻ, മാങ്കോട് രാധാകൃഷ്ണൻ, ശക്തൻ നാടാർ, കരമന ജയൻ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

എംഎൽഎമാരായ എം വിൻസെന്റ്, വി ജോയ്, സബ് കളക്ടർ ആൽഫ്രഡ് ഒ വി, പോർട്ട് സെക്രട്ടറി എ കൗശിഗൻ, എവിപിപിഎൽ സിഇഒ പ്രദീപ് ജയരാമൻ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ എംഡി ദിവ്യ എസ് അയ്യർ, സാമുദായിക സംഘടനകളുടെ പ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർഘട്ട വികസനപ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടന സംഘാടക സമിതി രൂപീകരണ യോഗം മന്ത്രി വി എൻ വാസവൻ ഉദ്ഘാടനം ചെയ്യുന്നു

## പ്രധാനമന്ത്രി വെള്ളിയാഴ്ച തിരുവനന്തപുരത്ത്; വമ്പൻ പ്രഖ്യാപനങ്ങൾ നടത്തിയേക്കും

തിരുവനന്തപുരം: പ്രധാനമന്ത്രി നരേന്ദ്ര മോദി വെള്ളിയാഴ്ച തിരുവനന്തപുരത്തെത്തും. കേർപറേഷൻ ഭരണം പിടിച്ചാൽ 45 ദിവസത്തിനകം പ്രധാനമന്ത്രി തലസ്ഥാനത്തെത്തുമെന്ന് ബിജെപി പ്രഖ്യാപിച്ചിരുന്നു.

ആ വാക്ക് പാലിക്കുകയാണെന്നും തലസ്ഥാന നഗര വികസനത്തിൻറെ ബ്ലൂ പ്രിൻറ് പ്രധാനമന്ത്രി അവതരിപ്പിക്കുമെന്നും ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എസ്. സുരേഷ് പറഞ്ഞു. കേരളത്തിൽ നിന്നുള്ള അമൃത് ഭാരത് ട്രെയിൻ സർവീസും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. പുത്തരിക്കണ്ടം മൈതാനത്ത് നടത്തുന്ന പരിപാടിയിൽ തദ്ദേശ തെരഞ്ഞെടുപ്പിലെ വിജയികളെ മോദി അഭിസംബോധന ചെയ്യും.

## യുവജനങ്ങൾക്ക് കരുതലായി സിഎം കണക്ട് ടു വർക്ക് പദ്ധതി: സംസ്ഥാനതല ഉദ്ഘാടനം ബുധനാഴ്ച

പഠനം പൂർത്തിയാക്കി തൊഴിലന്വേഷിക്കുന്ന യുവതീ യുവാക്കൾക്ക് കൈത്താങ്ങുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സിഎം കണക്ട് ടു വർക്ക് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ബുധനാഴ്ച (ജനുവരി 21) നടക്കും. വൈകിട്ട് 4 ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കും. വിവിധ വകുപ്പ് മന്ത്രിമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കുമെന്ന് തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

വിദ്യാഭ്യാസത്തിന് ശേഷം മത്സരപ്പരീക്ഷകൾക്കോ നൈപുണ്യ പരിശീലനത്തിനോ തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ സ്വപ്ന കരിയറിലേക്ക് എത്തുന്നതുവരെ സാമ്പത്തിക പിന്തുണ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പ്ലസ് ടു, വി.എച്ച്.എസ്.ഇ, ഐ.ടി.ഐ, ഡിപ്ലോമ, ബിരുദം എന്നിവ പാസായ 18നും 30നും ഇടയിൽ പ്രായമുള്ളവർക്ക് പദ്ധതിയിലേക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം അഞ്ച് ലക്ഷം രൂപയിൽ താഴെയുള്ളവർക്കാണ് അർഹത. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 1000 രൂപ വീതം ഒരു വർഷത്തേക്ക് ധനസഹായം ലഭിക്കും.

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ പോർട്ടലായ വേ്േു:://ംംം.ലലാുഹീ്യാലിേ.സലൃമഹമ.ഴീ്.ശി വഴി ഓൺലൈനായാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. സംസ്ഥാനത്തുടനീളം ഇതിനോടകം മുപ്പത്തിയാറായിരത്തി അഞ്ഞൂറോളം അപേക്ഷകൾ ലഭിച്ചുകഴിഞ്ഞു. ആദ്യഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട പതിനായിരം പേരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക നേരിട്ട് എത്തും. യുവജനങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും മികച്ച തൊഴിൽ തേടാൻ അവരെ സഹായിക്കാനും ഈ പദ്ധതി ഉപകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

## ശബരിമല സ്വർണക്കൊള്ള; ഉണ്ണികൃഷ്ണൻ പോറ്റിക്ക് ജാമ്യം, ജയിലിൽ തുടരും

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിക്ക് ജാമ്യം. ദ്വാരപാലക ശിൽപ്പപാളികളുടെ കേസിലാണ് കോടതി ജാമ്യം അനുവദിച്ചത്.

അറസ്റ്റ് ചെയ്ത് 90 ദിവസത്തിനു ശേഷവും കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിൽ കോടതി ജാമ്യം അനുവദിക്കുകയായിരുന്നു. എന്നാൽ ഉണ്ണികൃഷ്ണൻ പോറ്റിക്ക് പുറത്തിറങ്ങാൻ കഴിയില്ല. കട്ടിളപ്പാളി കേസിൽ ഉണ്ണികൃഷ്ണൻ പോറ്റി ജയിലിൽ തുടരും.

# നമ്മൾ മൽസ്യബന്ധനം നടത്തുന്നത് ഇന്ത്യൻ കടലിലാണ്: ചാർളി ജോസഫ്

**യേശുദാസ് വില്യം**



കൊല്ലം: ശക്തികുളങ്ങര: ' നമ്മൾ മൽസ്യബന്ധനം നടത്തുന്നത് കേരളത്തിന്റെയും തമിഴ്നാടിന്റെയും കടലിലല്ല.ഇന്ത്യൻ കടലിലാണ്.അതു തടയാൻ തമിഴ്നാടിനും കർണാടകത്തിനുമൊന്നും അവകാശമില്ല' കേരള തീരത്തെ ട്രോളിംഗ് ബോട്ടുകൾക്ക് തമിഴ്നാട് തീരത്ത് മൽസ്യബന്ധനം നടത്തുന്നതിനു തുടരുന്ന അപ്രഖ്യാപിത വിലക്കിനെക്കുറിച്ച് കേരളത്തിലെ ട്രോളിംഗ് മൽസ്യബന്ധനത്തിന്റെ മുതിർന്ന മൽസ്യത്തൊഴിലാളിയും,മൽസ്യകയറ്റുമതി വ്യവസായിയും,കടൽപരിസ്ഥിതി വിദഗ്ധനുമായനുമായ ചാർളിജോസഫ് നോട്ടിക്കൽ ടൈംസ് കേരളയോടു പറഞ്ഞു. .നമ്മുടെ തീരത്ത് ക്യാച്ചിംഗ് കുറയുമ്പോൾ സ്വാഭാവികമായും തെക്കൻ തീരങ്ങളിലേക്കും,വടക്കു പടിഞ്ഞാറൻ ഉൾക്കടലിലേക്കും മൽസ്യബന്ധനത്തിനായി ട്രോളിംഗ് ബോട്ടുകൾ പോകാറുണ്ട്.തമിഴ്നാട്ടിലെ കന്യാകുമാരി, മുട്ടം,തേങ്ങാപട്ടണം,കുളച്ചൽ തുടങ്ങിയ ഹാർബറുകൾ കേന്ദ്രീകരിച്ചുള്ള മൽസ്യത്തൊഴിലാളികളാണ് കേരള തീരത്തെ ട്രോളിംഗ് ബോട്ടുകളെ ആക്രമിക്കുകയും,മൽസ്യബന്ധനത്തെ തടയുകയും ചെയ്യുന്നത്. ആധുനീകരിച്ച മൽസ്യബന്ധനത്തിനായി നൂറടിയിലേറെയുള്ള കൂറ്റൻ ട്രോളറുകൾ കോടികൾ കടമെടുത്തും,കുടുംബം ബാങ്കുകളിൽ പണയപ്പെടുത്തിയും നിർമ്മിച്ചു കടലിലിറക്കിയിട്ട് സ്വതന്ത്രമായി മൽസ്യബന്ധനം നടത്തുവാൻ കഴിയുന്നില്ലന്നുള്ള പരിദേവനം കേരള തീരത്തെ യന്ത്രവൽകൃത മൽസ്യ മേഖലയിലുണ്ട്.തങ്ങളുടെ പ്രശ്നങ്ങൾ അവധാനതയോടെ ഭരണനേതൃത്വം കേൾക്കുന്നില്ലന്നും,വേണ്ട സംരക്ഷണം ഒരുക്കുന്നില്ലന്നും മറിച്ച് നിരന്തരമായി അവഗണിക്കപ്പെടുകയാണന്നതും ബോട്ട് ഓപ്പറേറ്റേഴ്സിനുള്ളിൽ അമർഷവും,വേദനയും നിലനിൽക്കുന്നുണ്ട്.

തെക്കൻഭാഗത്തേക്കു കന്യാകുമാരി കുളച്ചൽ തുടങ്ങിയ മേഖലകളിലും വടക്ക് കർണാടക തീരത്തും നമ്മുടെ ബോട്ടുകൾ മൽസ്യബന്ധനം നടത്താറുണ്ട്.ഇതിൽ തമിഴ്നാടു തീരത്തുള്ളവരാണ് നമ്മുടെ മൽസ്യബന്ധനത്തെ തടയുകയും ആക്രമിക്കുകയും ചെയ്യുന്നത്.കേരളത്തിലെ മൽസ്യത്തൊഴിലാളി സംഘടനകൾ ഈ പ്രദേശത്തെ 'നാട്ടുകൂട്ടങ്ങളു'മായി ചർച്ചകൾ നടത്തിയെങ്കിലും ഫലം കണ്ടില്ല. യഥാർത്ഥത്തിൽ രണ്ടു സ്റ്റേറ്റുകൾ തമ്മിലുള്ള പ്രശ്നമായതുകൊണ്ടു മുഖ്യമന്ത്രിമാർ ഈ വിഷയത്തിൽ ഇടപെട്ടു പരിഹാരം കാണമെന്നു ഈ മേഖലയിലെ തലമുതിർന്ന മൽസ്യത്തൊഴിലാളിയായ ശക്തികുളങ്ങരയിലെ ചാർളിജോസഫ് നോട്ടിക്കൽ ടൈംസിനോടു പറഞ്ഞു.ബോട്ട് ഓപ്പറേറ്റഴ്സിന്റെ സ്ഥാപക അംഗവും ഭാരവാഹിയുമായ ചാർളിജോസഫ് ഇതിനകംതന്നെ കേരള,തമിഴ്നാടു മുഖ്യമന്ത്രിമാർക്കും,സംസ്ഥാന,കേന്ദ്ര ഫിഷറീസ് മന്ത്രിമാർക്കും ഇക്കാര്യം എത്രയും പെട്ടന്നു പരിഹരിക്കണമെന്നു ചൂണ്ടിക്കാട്ടി പരാതിയും നൽകി കഴിഞ്ഞു.

ഈ പ്രശ്നത്തിലെ ഏറ്റവും രസകരമായ വസ്തുത കേരളത്തിൽ നിന്നും മൽസ്യബന്ധനത്തിനു പോകുന്ന ബോട്ടുകളിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗം പേരും തമിഴ്നാട്ടിലെ കുളച്ചൽ ,നീരോടി,മുട്ടം തുടങ്ങിയ തീരങ്ങളിൽ നിന്നുമുള്ളവരാണ്.കടലിൽ ഇവർ നേരിടുന്ന പ്രശ്നക്കാരും ഇതേ തീര പ്രദേശത്തുള്ളവർ തന്നെയാണന്നതാണ് വിരോധാഭാസം.കൊല്ലത്തെ ബോട്ടുകളിൽ ബോട്ടുടമയും തൊഴിലാളികളും തുല്യമായി വരുമാനവും ചെലവും വഹിച്ചു കൊണ്ടാണ് മൽസ്യബന്ധനം നടത്തുന്നതെന്നും ചാർളി ജോസഫ് പറഞ്ഞു.പണ്ടത്തെപ്പോലെ കടൽപണിക്കു നമ്മുടെ നാട്ടിൽ മൽസ്യത്തൊഴിലാളികളുടെ കുറവുണ്ട്.ഇതു പരിഹരിക്കുന്നത് തമിഴ്നാട്ടുകാരും,അന്യസംസ്ഥനതൊഴിലാളികളും ഉള്ളതു കൊണ്ടാണ്.അതുകൊണ്ടു തന്നെയാണ് ഇതൊരു അന്തർസംസ്ഥാന വിഷയമാണന്നും രാഷ്ട്രീയപരിഹാരവും, നിയമപരിരക്ഷയും, സുരക്ഷിതത്വവും ഇക്കാര്യത്തിൽ വേണമെന്നും ചാർളിജോസഫ് അടിവരയിട്ടു പറയുന്നു.ട്രോളിംഗ് മൽസ്യബന്ധനമേഖലയിൽ നിരവധി നിയമപോരാട്ടം നടത്തുകയും ഇന്നു നിലനിൽക്കുന്ന നിയമങ്ങൾ നേടിയെടുക്കാൻ സംഘടനാതലത്തിലും തന്റെതായ നിലയിലും പരിശ്രമിച്ച മൽസ്യത്തൊഴിലാളിയാണ് ചാർളി ജോസഫ് .മൽസ്യത്തൊഴിലാളിയായിരിക്കുമ്പോൾ തന്നെ യന്ത്രവൽകൃത മൽസ്യബന്ധനത്തെക്കുറിച്ചുള്ള പാരിസ്ഥിതികമായ ആഴത്തിലുള്ള അറിവും അനുഭവ പരിജ്ഞാനവുമുള്ള കേരളതീരത്തു ജീവിച്ചിരിക്കുന്ന മൽസ്യതൊഴിലാളിയുമാണ് ചാർളി ജോസഫ് എന്ന ജോസഫ് ചേട്ടൻ. കേരളത്തിൽ യന്ത്രവൽകൃത ട്രോളിംഗ് മൽസ്യബന്ധനം പലരും അവസാനിപ്പിച്ചു പോകുന്ന തരത്തിൽ ഗുരുതരമായ പ്രതിസന്ധിയെ നേരിടുന്ന സാഹചര്യമാണുള്ളത്.അതുകൊണ്ടുതന്നെ സംഘടനകൾ ഇക്കാര്യങ്ങളിൽ മുൻകൈ എടുക്കണമെന്നും അധികാരികളുടെ ശ്രദ്ധയിലേക്കു ഈ വിഷയങ്ങൾ കൊണ്ടുവരണമെന്നും ചാർളിജോസഫ് പറഞ്ഞു.ഇന്നു തിരുവനന്തപുരത്തു ഫിഷറീസ് വകുപ്പിന്റെ ാആഭിമുഖ്യത്തിൽ നടക്കുന്ന ചർച്ചക്കു മുന്നോടിയായിട്ടാണ് ചാർളിജോസഫ് ഇക്കാര്യം സൂചിപ്പിച്ചത്.






സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികളുടെ ക്ഷേമം സംബന്ധിച്ച എസ് ഒ പി അന്തിമമാക്കലിനായി ശിക്ഷക് സദനിൽ നടന്ന ജില്ലാതല കർത്തവ്യവാഹകരുടെ മേഖലാതല യോഗം കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ ഉദ്ഘാടനം ചെയ്യുന്നു

# ഭിന്നശേഷിക്കാർക്കും തുല്യ അവകാശങ്ങളും അവസരങ്ങളും ഉറപ്പുവരുത്തണം: ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ

ഭരണഘടന ഉറപ്പുവരുത്തുന്ന തുല്യ അവകാശങ്ങളും അവസരങ്ങളും ഭിന്നശേഷിക്കാർക്കും ലഭ്യമാക്കണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം മാറേണ്ടതുണ്ടെന്നും ഭിനന്നശേഷിക്കാരോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ വലിയ മാറ്റം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. കമ്മീഷന്റെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികളുടെ ക്ഷേമം സംബന്ധിച്ച എസ് ഒ പി അന്തിമമാക്കുന്നതിനായി ശിക്ഷക് സദനിൽ സംഘടിപ്പിച്ച ജില്ലാതല കർത്തവ്യവാഹകരുടെ മേഖലാതല യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.വിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കെതിരെ ഉയരുന്ന എതിർപ്പുകൾ അവസാനിപ്പിക്കേണ്ടതുണ്ട്. അധ്യാപകരിലും വിദ്യാർത്ഥികളിലും അനുകമ്പയും മനുഷ്യത്വവും വളർത്താനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം. സ്കൂളുകളിലും എല്ലാ പൊതുസ്ഥാപനങ്ങളിലും റാമ്പുകൾ, ഭിന്നശേഷിസൗഹൃദ ടോയ്‌ലറ്റുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. ആശുപത്രികളിലും സർക്കാർ ഓഫീസുകളിലും ഭിന്നശേഷിക്കാർക്ക് ആദ്യ പരിഗണന നൽകണം. ഭിന്നശേഷിക്കാരായ കുട്ടികളുടെ സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ എന്നിവയ്ക്കായി എല്ലാ മേഖലകളുടെയും സഹകരണം അത്യാവശ്യമാണെന്നും ചെയർപേഴ്സൺ ചൂണ്ടിക്കാട്ടി.ഭിന്നശേഷിക്കാരായ കുട്ടികളുടെ അവകാശങ്ങളും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി മേഖലയിൽ പ്രവർത്തിക്കുന്നവരുടേയും ഭിന്നശേഷിക്കാരുടേയും അനുഭവങ്ങൾ നേരിട്ട് കേട്ട് അവർക്കു നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മേഖലാതല യോഗങ്ങളിലൂടെ തയ്യാറാക്കുന്ന ശുപാർശകൾ ഉടൻ സർക്കാരിന് സമർപ്പിക്കുമെന്നും ചെയർപേഴ്സൺ അറിയിച്ചു.കമ്മീഷൻ അംഗം ഡോ. വിൽസൺ എഫ് അദ്ധ്യക്ഷനായ പരിപാടിയിൽ അംഗങ്ങളായ മോഹൻകുമാർ ബി, കെ.കെ. ഷാജു, സിസിലി ജോസഫ്, ജലജമോൾ റ്റി. സി. തുടങ്ങിയവർ സംബന്ധിച്ചു. കമ്മീഷൻ അംഗം ഷാജേഷ് ഭാസ്കർ പി. വിഷയം അവതരിപ്പിച്ചു.




തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള എഐ കാൾ സെന്റർ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് ഉദ്ഘാടനം ചെയ്യുന്നു

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള എഐ അധിഷ്ഠിത കോൾ സെന്റർ മന്ത്രി എം. ബി. രാജേഷ് ഉദ്ഘാടനം ചെയ്തു

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും വേഗതയും ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള നിർമ്മിത ബുദ്ധി (അക) അധിഷ്ഠിത കോൾ സെന്റർ സംവിധാനമായ 'സ്മാർട്ടി' പ്രവർത്തനസജ്ജമായി. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷാണ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചത്.

വിവിധ സേവനങ്ങൾക്കായി തദ്ദേശ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് ഇനി മുതൽ ഈ കോൾ സെന്റർ വഴി വിവരങ്ങളും പരാതി പരിഹാരങ്ങളും എളുപ്പത്തിൽ ലഭ്യമാകും. സാങ്കേതിക വിദ്യയെ ഭരണനിർവഹണത്തിന്റെ ഭാഗമാക്കി മാറ്റുന്നതിൽ കേരളം കൈവരിച്ച പുതിയ നേട്ടമാണിതെന്ന് മന്ത്രി എം. ബി. രാജേഷ് പറഞ്ഞു.

തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ നടപ്പിലാക്കിയ 'കെ-സ്മാർട്ട്' പദ്ധതിയുടെ വൻ വിജയത്തിന് പിന്നാലെയാണ് പുതിയ എഐ സംവിധാനം എത്തുന്നത്. കെ-സ്മാർട്ട് വഴി ഫയലുകൾ തീർപ്പാക്കുന്നതിൽ വിപ്ലവകരമായ മാറ്റമാണ് ഉണ്ടായതെന്ന് കണക്കുകൾ നിരത്തി മന്ത്രി വിശദീകരിച്ചു. പദ്ധതി നടപ്പിലാക്കിയ ശേഷം 95 ലക്ഷത്തിലധികം ഫയലുകൾ ജനറേറ്റ് ചെയ്തതിൽ 30 ലക്ഷവും തീർപ്പാക്കിയത് കേവലം 24 മണിക്കൂറിനുള്ളിലാണ്. ഇതിൽ തന്നെ ഒൻപത് ലക്ഷത്തോളം ഫയലുകൾ വെറും ഒരു മണിക്കൂറിനുള്ളിൽ തീർപ്പാക്കാൻ സാധിച്ചു എന്നത് ഭരണരംഗത്തു നേടാൻ കഴിഞ്ഞ അവിശ്വസനീയമായ വേഗതയെയാണ് സൂചിപ്പിക്കുന്നത്. അവധി ദിനങ്ങളിൽ പോലും മൂന്നര ലക്ഷത്തിലധികം ഫയലുകൾ ജീവനക്കാർ തീർപ്പാക്കിയതായും മന്ത്രി പറഞ്ഞു.

വീഡിയോ കെവൈസി വഴി വിവാഹ രജിസ്ട്രേഷൻ നടത്താനുള്ള സംവിധാനം കേരളത്തിൽ വലിയ മാറ്റമാണ് കൊണ്ടുവന്നത്. വിദേശത്തിരിക്കുന്നവർക്ക് പോലും നാട്ടിലെത്താതെ തന്നെ വിവാഹം രജിസ്റ്റർ ചെയ്യാമെന്നത് കെ-സ്മാർട്ടിന്റെ സവിശേഷതയാണ്. 89,000-ത്തിലധികം വിവാഹങ്ങളാണ് ഇത്തരത്തിൽ രജിസ്റ്റർ ചെയ്തത്.

കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ കാര്യത്തിലും ഇതേ വേഗത പ്രകടമാണ്. 84,000-ത്തോളം സെൽഫ് സർട്ടിഫൈഡ് പെർമിറ്റുകൾ നൽകിയതിൽ 32,000-ത്തിലധികവും 24 മണിക്കൂറിനുള്ളിൽ അനുവദിക്കാൻ കഴിഞ്ഞു. നഗരസഭകളിൽ ഫയലുകൾക്കായി മാസങ്ങളോളം കാത്തുനിൽക്കേണ്ടി വരുന്ന അവസ്ഥയ്ക്ക് ഇതോടെ വലിയ പരിഹാരമായിരിക്കുകയാണ്.

സാങ്കേതിക വിദ്യയുടെ സഹായത്തോടെ തദ്ദേശ സ്ഥാപനങ്ങളുടെ വരുമാനത്തിലും വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പുതിയ സോഫ്റ്റ്വെയറുകൾ വഴി ഡാറ്റ ശുദ്ധീകരണം നടത്തിയപ്പോൾ നികുതി വലയ്ക്ക് പുറത്തുണ്ടായിരുന്ന ഒന്നര ലക്ഷത്തോളം കെട്ടിടങ്ങൾ മുൻസിപ്പാലിറ്റികളിൽ മാത്രം കണ്ടെത്താൻ കഴിഞ്ഞു. ഇതിലൂടെ 393 കോടി രൂപയുടെ അധിക വരുമാനമാണ് സർക്കാരിലേക്ക് എത്തിയത്. അതുപോലെ തദ്ദേശ റോഡുകളുടെ വിവരശേഖരണത്തിനായി 'ആർ ട്രാക്ക്' എന്ന ജിഐഎസ് അധിഷ്ഠിത സോഫ്റ്റ്വെയർ ഉപയോഗിച്ചതും ചരിത്രപരമായ നീക്കമാണ്. ഇത് വഴി ഒന്നര ലക്ഷത്തിലധികം കിലോമീറ്റർ റോഡുകളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ സാധിച്ചുവെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

മേയർ വി വി രാജേഷ്, തദ്ദേശ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി., പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്, ഐകെഎം എക്സിക്യൂട്ടീവ് ഡയറക്ടർ സന്തോഷ് ബാബു, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ബിനു ഫ്രാൻസിസ്, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഓരോ തുള്ളിയിലും സമൃദ്ധി: സൂക്ഷ്മജലസേചനത്തിലൂടെ കാർഷിക വിപ്ലവത്തിനൊരുങ്ങി കേരളം

മാറുന്ന കാലാവസ്ഥയും അപ്രതീക്ഷിതമായ വരൾച്ചയും കേരളത്തിലെ കർഷകർക്ക് വെല്ലുവിളിയാകുമ്പോൾ, ജലസംരക്ഷണത്തിലൂടെ കാർഷിക മേഖലയെ സുരക്ഷിതമാക്കാൻ 100 കോടിയുടെ പദ്ധതിയുമായി കൃഷിവകുപ്പ്. 'പെർ ഡ്രോപ്പ് മോർ ക്രോപ്പ്' (ജഉങഇ) അഥവാ ഓരോ തുള്ളി ജലത്തിൽ നിന്നും കൂടുതൽ വിളവ് എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സൂക്ഷ്മജലസേചന പദ്ധതി കർഷകർക്ക് പുതു പ്രതീക്ഷയേകുകയാണ്. അപ്രതീക്ഷിതമായ അതിശക്തമായ മഴയും നീണ്ടുനിൽക്കുന്ന വരൾച്ചയും കേരളത്തിന്റെ കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രകൃതിവിഭവങ്ങൾ കരുതലോടെ ഉപയോഗിക്കുക എന്ന നയത്തിന്റെ ഭാഗമായാണ് സൂക്ഷ്മജലസേചനം (Micro Irrigation) പ്രോത്സാഹിപ്പിക്കുന്നത്. ചെടിയുടെ വേരുപടലത്തിലേക്ക് ആവശ്യമായ അളവിൽ മാത്രം വെള്ളം എത്തിക്കുന്ന ഡ്രിപ്പ്, സ്പ്രിംഗ്ലർ രീതികൾ ഇതിലൂടെ വ്യാപകമാക്കും.ഈ രീതിയിലൂടെ പരമ്പരാഗത രീതികളെ അപേക്ഷിച്ച് 40 മുതൽ 70 ശതമാനം വരെ വെള്ളം ലാഭിക്കാം. വെള്ളത്തോടൊപ്പം വളം ചേർത്ത് നൽകുന്നതിലൂടെ വളത്തിന്റെ ഉപയോഗക്ഷമത 80 ശതമാനം വരെ വർദ്ധിപ്പിക്കാനും വളച്ചെലവ് കുറയ്ക്കാനും സാധിക്കും. തെങ്ങ്, കമുക്, വാഴ, മാവ്, കുരുമുളക്, ഏലം, പച്ചക്കറികൾ എന്നിവയ്ക്കും, അടുത്തടുത്ത് കൃഷി ചെയ്യുന്ന നെല്ല്, പയർ വർഗ്ഗങ്ങൾ എന്നിവയ്ക്കും ഈ സംവിധാനം മികച്ചതാണ്.

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മൊബൈൽ ഫോണിലൂടെയോ കമ്പ്യൂട്ടറിലൂടെയോ ദൂരെയിരുന്ന് ജലസേചനം നിയന്ത്രിക്കാനുള്ള ഓട്ടോമേഷൻ സംവിധാനവും പദ്ധതിയുടെ ഭാഗമാണ്. ഓട്ടോമേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് ഹെക്ടറിന് 40,000 രൂപ വരെ ധനസഹായം ലഭിക്കും.

കർഷകർക്ക് അഞ്ച് ഹെക്ടർ വരെയുള്ള ഭൂമിക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാണ്. ചെറുകിട-നാമമാത്ര കർഷകർക്ക് സിസ്റ്റം ചെലവിന്റെ 55 ശതമാനം സബ്സിഡിയും മറ്റ് കർഷകർക്ക് 45 ശതമാനം സബ്സിഡിയും ലഭിക്കും. തെങ്ങ് കർഷകർക്ക് സംസ്ഥാന സർക്കാർ 30 ശതമാനം അധിക സബ്സിഡി കൂടി നൽകുന്നു.മഴവെള്ള സംഭരണികൾ (90,000 രൂപ വരെ), പമ്പ് സെറ്റുകൾ (15,000 50,000 രൂപ വരെ), ബോർവെൽ പുനരുജ്ജീവിപ്പിക്കൽ എന്നിവയ്ക്കും ധനസഹായം ലഭിക്കും. കർഷകർക്ക് വെബ്സൈറ്റ് മുഖേന ഓൺലൈനായും അപേക്ഷകൾ സമർപ്പിക്കാം. ആധാർ കാർഡ്, ഭൂനികുതി രസീത്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം അപേക്ഷ കൃഷിഭവനിലോ കാർഷിക എൻജിനിയറിങ് ഓഫീസിലോ നൽകണം. കൂടുതൽ വിവരങ്ങൾക്ക് 1800-425-2512 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടണം.

# ഗസ്റ്റ് ലക്ചറർ നിയമനം

തിരുവനന്തപുരം സർക്കാർ സംസ്കൃത കോളേജിൽ ന്യായ വിഭാഗത്തിൽ നിലവിലുള്ള ഒഴിവിലേക്ക് ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നു. ഇതിനായി ഉദ്യോഗാർഥികളുടെ അഭിമുഖം 27ന് പകൽ 11ന് പ്രിൻസിപ്പാളിന്റെ ചേമ്പറിൽ വച്ച് നടത്തുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ മേഖലാ ഓഫീസിൽ ഗസ്റ്റ് അധ്യാപകരുടെ പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥകൾ യോഗ്യത, ജനന തീയതി, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പകർപ്പ് സഹിതം അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 2322930, 9188900159.

# റിപ്പബ്ലിക് ദിനാഘോഷം വിപുലമായി സംഘടിപ്പിക്കാൻ നിർദ്ദേശം

ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷം സംസ്ഥാനത്ത് വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിനായി സർക്കാർ മാർഗനിർദേശം പുറപ്പെടുവിച്ചു. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലെയും പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരും സർവ്വകലാശാലകൾ, കോളേജുകൾ, സ്കൂളുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെ ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുക്കണം.തലസ്ഥാന നഗരത്തിൽ രാവിലെ 9ന് ഗവർണർ ദേശീയ പതാക ഉയർത്തും. കരസേന, വ്യോമസേന, പോലീസ്, അശ്വാരൂഢസേന, എൻ.സി.സി, എൻ.എസ്.എസ് തുടങ്ങിയ വിഭാഗങ്ങളുടെ അഭിവാദ്യം ഗവർണർ സ്വീകരിക്കുകയും റിപ്പബ്ലിക് ദിന സന്ദേശം നൽകുകയും ചെയ്യും. ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാർ പതാക ഉയർത്തുകയും പോലീസ്, ഹോം ഗാർഡ്സ്/ എൻ.സി.സി. സ്കൗട്ട്സ് എന്നിവയുടെ അഭിവാദ്യം സ്വീകരിക്കുകയും ചെയ്യും.സബ് ഡിവിഷണൽ, ബ്ലോക്ക് തലങ്ങളിൽ മജിസ്ട്രേറ്റുമാരോ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരോ പതാക ഉയർത്തണം. തദ്ദേശ സ്ഥാപനങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ അല്ലെങ്കിൽ മേയർമാർ ചടങ്ങുകൾക്ക് നേതൃത്വം നൽകും. സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങളിലും അതത് വകുപ്പ് മേധാവികൾ പതാക ഉയർത്തുകയും പരമാവധി ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പാക്കുകയും വേണം.ആഘോഷങ്ങൾ നടത്തുമ്പോൾ 2002-ലെ ഫ്ലാഗ് കോഡ് വ്യവസ്ഥകൾ കൃത്യമായി പാലിക്കണം. പ്ലാസ്റ്റിക് കൊണ്ടുള്ള ദേശീയ പതാകകളുടെ നിർമ്മാണവും ഉപയോഗവും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. കൂടാതെ, എല്ലാ ആഘോഷങ്ങളിലും ഹരിത ചട്ടം പാലിക്കണം. ദേശീയഗാനം ആലപിക്കുമ്പോൾ സദസ്സ് എഴുന്നേറ്റു നിൽക്കണമെന്നും യൂണിഫോമിലുള്ള ഉദ്യോഗസ്ഥർ സല്യൂട്ട് നൽകണമെന്നും പൊതുഭരണ വകുപ്പ് സർക്കുലറിൽ വ്യക്തമാക്കുന്നു.



നിയമസഭയിലെത്തിയ ചേർത്തല കായിപ്പുറം സി.എം.എസ് എൽ.പി. സ്കൂളിലെ വിദ്യാർത്ഥികൾക്ക് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മഹാത്മാഗാന്ധിയുടെ ചിത്രം വരച്ച് സമ്മാനിക്കുന്നു. മന്ത്രി പി.പ്രസാദ് സമീപം.




നിയമസഭയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നയപ്രഖ്യാപനം നടത്തുന്നു.

# ലോക സാമ്പത്തിക ഫോറം: കേരളത്തിൻറെ നിക്ഷേപസാധ്യതകൾ ആഗോളവ്യവസായികൾക്ക് മുന്നിൽ അവതരിപ്പിച്ചു

തിരുവനന്തപുരം: സ്വിറ്റ്സർലൻഡിലെ ദാവോസിൽ ആരംഭിച്ച ലോക സാമ്പത്തിക ഫോറത്തിൽ (ഡബ്ല്യുഇഎഫ്) കേരളത്തിൻറെ ഉന്നത പ്രതിനിധി സംഘത്തെ നയിക്കുന്ന വ്യവസായ മന്ത്രി പി. രാജീവ് പ്രമുഖ വ്യവസായികളുമായി സംവദിച്ചു. വിവിധ മേഖലകളിലുള്ള സംസ്ഥാനത്തിൻറെ വലിയ നിക്ഷേപ അവസരങ്ങളെ ആഗോളതലത്തിൽ അവതരിപ്പിക്കാൻ ലക്ഷ്യമിട്ടായിരുന്നു കൂടിക്കാഴ്ച.

വ്യാവസായിക മേഖലയിലെ ഭാവിനിക്ഷേപങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഇടമായി കേരളം ഉയർന്നുവന്നിട്ടുണ്ടെന്ന് പി. രാജീവ് പറഞ്ഞു. നയസ്ഥിരത, ഡിജിറ്റൽ ഭരണം, ഉയർന്ന വൈദഗ്ധ്യമുള്ള പ്രൊഫഷണലുകൾ, ബിസിനസ്സ് ചെയ്യുന്നതിനുള്ള എളുപ്പം, ആധുനിക അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയാണ് കേരളത്തെ മികച്ചയിടമാക്കുന്നത്. ഇത്തരം സാധ്യതകളെ സംയോജിപ്പിച്ച് പരമ്പരാഗത കയറ്റുമതി മേഖലയെ ആഗോളശൃംഖലയുടെ ഭാഗമാക്കാൻ കേരളത്തിന് സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പോളിഷ് കോൺഫെഡറേഷൻ ലെവിയാറ്റൻറെ ഡയറക്ടർ ജനറൽ മാൽഗോർസാറ്റ സ്രോസ്കോവ്സ്ക-ഹോണുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. പോളണ്ടിനും കേരളത്തിനും ഇടയിൽ സാമ്പത്തിക സഹകരണം കെട്ടിപ്പടുക്കുന്നതിനുള്ള ഒട്ടേറെ സാധ്യതകളുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

മെഡിക്കൽ ഉപകരണ നിർമ്മാണം, ഐടി/ഐടി ഇതര ഡിജിറ്റൽ സേവനങ്ങൾ, ബയോടെക്നോളജി, നൂതന വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ പോളണ്ടുമായുള്ള പങ്കാളിത്തം കെട്ടിപ്പടുക്കുന്നതിനായി പോളിഷ് ബിസിനസ് പ്രതിനിധി സംഘത്തിന് ആതിഥേയത്വം വഹിക്കാൻ കേരളത്തിന് താല്പര്യമുണ്ടെന്ന് മന്ത്രി അറിയിച്ചു. കേരളത്തിൻറെ നിക്ഷേപ സൗഹൃദ നയങ്ങൾ, വൈദഗ്ധ്യമുള്ള പ്രൊഫഷണലുകൾ, മികച്ച അടിസ്ഥാന സൗകര്യങ്ങൾ, ബിസിനസ്സ് ചെയ്യുന്നതിനുള്ള എളുപ്പം എന്നിവ കേരളത്തിൻറെ നിക്ഷേപ സൗഹൃദ മുഖത്തിന് തെളിവാണെന്നും അദ്ദേഹം പറഞ്ഞു.ഡ്രിപ്പ് ക്യാപിറ്റലിൻറെ സിഇഒയും സഹസ്ഥാപകനുമായ പുഷ്കർ മുകേവാറുമായുള്ള ചർച്ചയിൽ കേരളത്തിലെ ചെറുകിട- ഇടത്തരം ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനും വിപണി ഉറപ്പാക്കുന്നതിനുമുള്ള സാധ്യതകൾ മന്ത്രി ചൂണ്ടിക്കാട്ടി. ട്രേഡ് എക്സ് കേരള 2026-ൽ പങ്കെടുക്കുന്നതിൽ ഉൾപ്പെടെ കൂടുതൽ പങ്കാളിത്തത്തിന് ഡ്രിപ്പ് ക്യാപിറ്റലിനെ ക്ഷണിക്കുന്നതായും അദ്ദേഹം അറിയിച്ചു.'പ്യുർ' സ്ഥാപകയും വ്യവസായിയുമായ ഡോ. ഷൈല തല്ലൂരിയുമായുള്ള കൂടിക്കാഴ്ചയിൽ ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഒരു തൊഴിൽ ശക്തി കെട്ടിപ്പടുക്കുന്നതിനായി നൈപുണ്യ വികസനം, പ്രതിഭാ വികസനം, വ്യവസായ-അക്കാദമിക് പങ്കാളിത്തം എന്നിവയിലെ സഹകരണവുമായി ബന്ധപ്പെട്ട് ചർച്ച നടന്നു. കെഐഇഡി പോലുള്ള സ്ഥാപനങ്ങളിലൂടെ പ്യൂറുമായി പങ്കാളിത്തം സ്ഥാപിക്കാൻ കേരളം താല്പര്യപ്പെടുന്നുണ്ടെന്ന് അദ്ദേഹം അറിയിച്ചു.



സ്വിറ്റ്സർലൻഡിലെ ദാവോസിൽ ആരംഭിച്ച ലോക സാമ്പത്തിക ഫോറത്തിൽ (ഡബ്ല്യുഇഎഫ്) 'പ്യുർ' സ്ഥാപകയും വ്യവസായിയുമായ ഡോ. ഷൈല തല്ലൂരിയുമായി വ്യവസായ മന്ത്രി പി. രാജീവ് കൂടിക്കാഴ്ച നടത്തുന്നു. വ്യവസായ വാണിജ്യ അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടർ പി. വിഷ്ണുരാജ്, ജനറൽ മാനേജർ വർഗീസ് മലക്കാരൻ എന്നിവർ സമീപം.

സിൻഹാസ് ജിഎംബിഎച്ച് സ്ഥാപകനും സിഇഒയുമായ രാജീവ് സിൻഹയുമായുള്ള ആശയവിനിമയത്തിൽ കയറ്റുമതി സാധ്യതയുള്ള സുഗന്ധവ്യഞ്ജന-ഭക്ഷ്യസംസ്കരണ മേഖലകളിലെ ചെറുകിട ഇടത്തരം സംരംഭങ്ങൾ, വിപണി പ്രവേശനം, ബ്രാൻഡിംഗ്, യൂറോപ്പിലുടനീളമുള്ള വിതരണം തുടങ്ങിയവ ചർച്ചയായി.അഞ്ചുപേരടങ്ങുന്ന ഉന്നത പ്രതിനിധി സംഘത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, വ്യവസായ വാണിജ്യ അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) മാനേജിംഗ് ഡയറക്ടർ പി. വിഷ്ണുരാജ്, വിവിധ വകുപ്പുകളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവരും ഉൾപ്പെടുന്നു.



ടെക്നോപാർക്കിലെ അൽസോൺ സോഫ്റ്റ് വെയറിൻറെ പുതിയ ഓഫീസ് അൽസോൺ സോഫ്റ്റ് വെയറിൻറെസിഇഒയും സഹസ്ഥാപകനുമായ ലിജിത്ത് അപ്പുക്കുട്ടനും സിടിഒയും സഹസ്ഥാപകയുമായ അനു ആചാരിയും ഉദ്ഘാടനം ചെയ്യുന്നു.

# ടെക്നോപാർക്കിൽ 'അൽസോൺ സോഫ്റ്റ് വെയർ' പുതിയ ഓഫീസ് തുറന്നു

തിരുവനന്തപുരം: അത്യാധുനിക സാങ്കേതികവിദ്യകൾക്കൊപ്പം നൂതന ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പരിഹാരങ്ങൾ നൽകുന്ന പ്രമുഖ കമ്പനിയായ് അൽസോൺ സോഫ്റ്റ് വെയർ പ്രൈവറ്റ് ലിമിറ്റഡിന് ടെക്നോപാർക്കിൽ പുതിയ ഓഫീസ്.ടെക്നോപാർക്ക് ഫേസ് വൺ കാമ്പസിലെ തേജസ്വിനി കെട്ടിടത്തിൻറെ ഗ്രൗണ്ട് ഫ്ളോറിൽ 10,000 ചതുരശ്ര അടി വിസ്തൃതിയിലാണ് പ്രവർത്തനം വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി പുതിയ ഓഫീസ് തുറന്നത്.

2018 ലാണ് ആരംഭിച്ചത്. വളർച്ചയുടെ പാതയിലുള്ള അൽസോൺ സോഫ്റ്റ് വെയർ ടീമംഗങ്ങളെ പിന്തുണയ്ക്കുന്നതിനായാണ് അത്യാധുനിക സംവിധാനങ്ങളുള്ള ഓഫീസ് സജ്ജീകരിച്ചത്. പുതിയ ഓഫീസിലെ ആധുനിക ഓപ്പൺ-പ്ലാൻ ലേഔട്ട്, പ്രത്യേക സഹകരണ മേഖലകൾ, ഐടി മേഖലയ്ക്കാവശ്യമായ മികച്ച അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയവ ശ്രദ്ധേയമാണ്.

ഭാവിയിൽ ഏജൻറ് ഓട്ടോമേഷൻ പദ്ധതികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ടെക്നോപാർക്കിലെ എഐ സംരംഭങ്ങളുടെ ശക്തമായ വളർച്ചാപാതയെ പ്രതിഫലിപ്പിക്കുന്നതിനും ഈ വിപുലീകരണത്തിലൂടെ അൽസോൺ സോഫ്റ്റ് വെയറിനു സാധിക്കും.

അൽസോൺ സോഫ്റ്റ് വെയറിൻറെ സിഇഒയും സഹസ്ഥാപകനുമായ ലിജിത്ത് അപ്പുക്കുട്ടനും സിടിഒയും സഹസ്ഥാപകനുമായ അനു ആചാരിയും സംയുക്തമായി പുതിയ ഓഫീസ് ഉദ്ഘാടനം ചെയ്തു. അൽസോൺ സോഫ്റ്റ് വെയറിലെ ജീവനക്കാരും ടെക്നോപാർക്ക് ഉദ്യോഗസ്ഥരും പങ്കെടുത്തു.

# ആശുപത്രികളിൽ കൃത്യമായ നിരക്ക് വിവരങ്ങളും പരാതി പരിഹാര സംവിധാനവും നിർബന്ധം

## കേരളത്തിലെ എല്ലാ ആരോഗ്യസ്ഥാപനങ്ങളും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻ്റ് നിയമ വ്യവസ്ഥകൾ പാലിക്കണമെന്ന് ആരോഗ്യവകുപ്പ്

കേരളത്തിലെ എല്ലാ ആരോഗ്യസ്ഥാപനങ്ങളും രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സേവനങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനുമായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻ്റ് നിയമ വ്യവസ്ഥകൾ പാലിക്കണമെന്ന് ആരോഗ്യവകുപ്പ്.

ഒരു അത്യാഹിതം സംഭവിച്ച് വരുന്ന രോഗിയെ പ്രാഥമിക ചികിത്സ നൽകി അടിയന്തര സാഹചര്യം തരണം ചെയ്യാൻ സഹായിക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. മുൻകൂർ തുകയടച്ചില്ല, രേഖകളില്ല തുടങ്ങിയ കാരണങ്ങളാൽ ചികിത്സ നിഷേധിക്കരുത്. കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രിയിലേക്ക് മാറ്റണമെങ്കിൽ അതിനുള്ള യാത്രാസൗകര്യമൊരുക്കണം. ചികിത്സാ വിവരങ്ങളും കൈമാറണം. ഡിസ്ചാർജ് ചെയ്താലുടൻ എല്ലാ ചികിത്സാ രേഖകളും പരിശോധനാ റിപ്പോർട്ടുകളും രോഗിക്ക് നൽകണം.

സംസ്ഥാനത്ത് രജിസ്ട്രേഷൻ ഇല്ലാതെ ഒരു ക്ലിനിക്കൽ സ്ഥാപനത്തിനും പ്രവർത്തിക്കാൻ അനുവാദമില്ല. രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നിയമപ്രകാരമുള്ള ശിക്ഷ ലഭിക്കും.രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പൊതുജനങ്ങൾ കാണുന്ന രീതിയിൽ സ്ഥാപനത്തിൽ പ്രദർശിപ്പിക്കണം. ആശുപത്രികൾ, ലബോറട്ടറികൾ, ദന്തചികിത്സാകേന്ദ്രങ്ങൾ, ആയുഷ് ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങി കിടക്കകളോട് കൂടിയതോ അല്ലാത്തതോ ആയ രോഗനിർണ്ണയം അല്ലെങ്കിൽ പരിചരണം നൽകുന്ന സ്ഥാപനങ്ങളെല്ലാം നിയമപ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളാണ്.നൽകുന്ന സേവനങ്ങൾക്കും, ചികിത്സയ്ക്കും ബാധകമായ ഫീസ് നിരക്കുകളും പാക്കേജുകളും, പരാതി പരിഹാര ആഫീസറുടെ ഇ-മെയിൽ വിലാസം, പേര്, ഫോൺനമ്പർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റി എന്നിവരെ ബന്ധപ്പെടുവാനുള്ള സംവിധാനം, ഫോൺനമ്പറുകൾ തുടങ്ങി രോഗികളുടെ അവകാശങ്ങളും ലഭ്യമായ സൗകര്യങ്ങളുടെ വിവരങ്ങളും മലയാളത്തിലും ഇംഗ്ലീഷിലും അഡ്മിഷൻ ഡസ്കിൽ/റിസപ്ഷൻ സ്ഥലത്ത് പ്രദർശിപ്പിക്കുകയും സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണെന്ന് ആരോഗ്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഡോ രാജൻ ഖോബ്രഗഡെ അറിയിച്ചു.

ചികിത്സ, പരിശോധന, മറ്റു സേവനങ്ങൾ (ഇന്റൻസീവ് കെയർ യൂണിറ്റ്/ഓപ്പറേഷൻ തിയേറ്റർ, സ്കാനിംഗ്, ലബോറട്ടറി സൗകര്യം, ആംബുലൻസ് സൗകര്യം, എമർജൻസി കെയർ) തുടങ്ങിയവ ഇനം തിരിച്ച് ലഭ്യമാക്കും എന്നും രഹസ്യാത്മകത, വിവേചന രാഹിത്യം, 72 മണിക്കൂറിനുള്ളിൽ മെഡിക്കൽ രേഖകൾ ലഭ്യമാക്കും എന്നും ഉറപ്പു നൽകേണ്ടതുമാണ്.

അഡ്മിറ്റ് ചെയ്യപ്പെടുന്ന രോഗികൾക്ക് സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ നിന്നും സ്ഥാപനത്തിൽ ലഭ്യമായ സേവനത്തെ സംബന്ധിച്ചും അടിസ്ഥാന നിരക്കുകളും പാക്കേജ് നിരക്കുകളും അവയിൽ ഉൾപ്പെട്ട് വരുന്ന സേവനങ്ങൾ എന്തല്ലാമെന്നും മുൻകൂർ ഡെപ്പോസിറ്റും തുക തിരികെ നൽകുന്നത് സംബന്ധിച്ച സ്ഥാപനത്തിന്റെ നയം, ഇൻഷ്വറൻസ്, ക്യാഷ് ലെസ് ചികിത്സകൾ, ക്ലയിം തീർപ്പാക്കലിന്റെ നടപടിക്രമങ്ങൾ, എസ്റ്റിമേറ്റ്, ബില്ലിംഗ് നയം, ഡിസ്ചാർജ്ജ് നടപടിക്രമങ്ങൾ, ആംബുലൻസിന്റേയും മറ്റു യാത്രാ സൌകര്യങ്ങളുടേയും നിരക്കുകൾ 24:7 എമർജൻസി കെയർ പ്രോട്ടോക്കോൾ, പരാതി പരിഹാര സംവിധാനം എന്നീ വിവരങ്ങളെല്ലാം ഒരു ലഘുലേഖ രൂപത്തിൽ ഡൌൺലോഡ് ചെയ്യുന്നതിന് വെബ്സൈറ്റിൽ സൗകര്യം ഏർപ്പെടുത്തുകയോ രോഗിക്ക് നൽകുകയോ പ്രിന്റ് ചെയ് ലഘുലേഖ ആവശ്യപ്പെട്ടാൽ നൽകുകയോ ചെയ്യണം.

എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളിലും ഒരു പരാതി പരിഹാര ഡസ്ക്/ഹെൽപ്പ് ലൈൻ ഉണ്ടാകേണ്ടതും എല്ലാ പരാതികൾക്കും തനതായ ഒരു റഫറൻസ് നമ്പർ നൽകി രജിസ്റ്റർ ചെയ്യേണ്ടതും പരാതി കക്ഷിക്ക് എസ്.എം.എസ്, വാട്ട്സാപ്പ് അല്ലെങ്കിൽ പേപ്പർ മുഖേന ഒരു കൈപറ്റ് രസീത് നൽകേണ്ടതുമാണ്. ലഭിച്ച പരാതി 7 പ്രവൃത്തി ദിനത്തിനുള്ളിൽ പരിഹരിക്കേണ്ടതും അപ്രകാരം പരിഹരിക്കപ്പെടാത്തതും ഗൗരവതരവുമായ പരാതികൾ ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റിക്ക്/ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറേണ്ടതുമാണ്. എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളിലും ഒരു പരാതി രജിസ്റ്റർ ബുക്ക് രൂപത്തിലോ ഇലക്ട്രോണിക് രൂപത്തിലോ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് വിധേയപ്പെടുത്തേണ്ടതുമാണ്. ലഭിച്ച പരാതികളുടേയും അതിൻമേൽ എടുത്ത നടപടികളുടെയും സംക്ഷിപ്തം കോമ്പീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കുന്ന പ്രതിമാസ റിപ്പോർട്ടിന്റെ ഭാഗമാക്കേണ്ടതാണ്.

പ്രദർശിപ്പിച്ചിട്ടുള്ളതും ലഘുലേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും വെബ്സൈറ്റിൽ നൽകിയിട്ടുള്ളതുമായ നിരക്കുകളിലും പരാതി പരിഹാരത്തിനോ മറ്റേതെങ്കിലും കാര്യത്തിനോ നൽകിയിട്ടുള്ള വിവരങ്ങളിലും മാറ്റം വന്നാൽ അവ അപ്പപ്പോൾ തന്നെ അതതിടങ്ങളിൽ മാറ്റം വരുത്തിയെന്ന് ഉറപ്പുവരുത്തണം.ക്ലിനിക്കൽ സ്ഥാപനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും കൺസൾട്ടേഷൻ, പരിശോധന, ചികിത്സ, മറ്റു സേവനങ്ങൾ എന്നിവയുൾപ്പെടെ എല്ലാ നിരക്കുകളും ഉൾപ്പെടുത്തിയ ഇനംതിരിച്ച ബിൽ നൽകേണ്ടതാണ്. പ്രദർശിപ്പിച്ചിരിക്കുന്ന/പ്രസിദ്ധീകരിച്ചിരിക്കുന്ന നിരക്കുകളിൽ കവിഞ്ഞ നിരക്ക് ഈടാക്കാൻ പാടില്ല.

സേവനങ്ങളിൽ വരുന്ന അപര്യാപ്തത സംബന്ധിച്ച പരാതികൾ രോഗികൾക്ക് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ നൽകാവുന്നതാണ്. കബളിപ്പിക്കലും ചതിയും ഉൾപ്പെടെയുള്ള കേസുകൾ സംബന്ധിച്ച് പോലീസിൽ പരാതി നൽകാം. ഗുരുതരമായ കുറ്റങ്ങളുടെ കാര്യത്തിൽ ചീഫ് സെക്രട്ടറിക്കോ സംസ്ഥാന പോലീസ് മേധാവിക്കോ പരാതികൾ നൽകണം. പരാതി പരിഹാര സഹായങ്ങൾക്കായി ജില്ല/സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഉപദേശവും സഹായവും തേടാവുന്നതാണ്.ക്ലിനിക്കൽ സ്ഥാപനങ്ങൾ ഇതിലേതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും, നിയന്ത്രണവും) നിയമ പ്രകാരം ശിക്ഷാർഹവും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദ് ചെയ്യപ്പെടുന്നതിനോ കാരണമാകാവുന്നതും ഇവ സിവിൽ ക്രിമിനൽ നിയമ നടപടിക്രമങ്ങൾ പ്രകാരം രോഗികൾക്ക് ലഭ്യമായ മറ്റു പരിഹാര മാർഗ്ഗങ്ങൾക്കുപരിയായിരിക്കുന്നതുമാണ്.

# ജീവൻ തുടിക്കുന്ന ചിത്രങ്ങളുമായി എൻഡോസൾഫാൻ ബാധിത മേഖലയിൽ നിന്നും കിരൺരാജ്

കാസർകോട്ടെ എൻഡോസൾഫാൻ ബാധിത മേഖലയിൽ നിന്നുള്ള പി കിരൺ രാജിന്റെ വിരൽത്തുമ്പിൽ വിരിയുന്നത് ജീവൻ തുടിക്കുന്ന ചിത്രങ്ങൾ. പോർട്രെയ്റ്റിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മുൻ പ്രധാന മന്ത്രി മൻമോഹൻ സിംഗ്, നടന്മാരായ ഫഹദ് ഫാസിൽ, ഇന്ദ്രൻസ്, ഗായിക വിജയലക്ഷ്മി എന്നിവരൊക്കെ കിരൺ രാജിന്റെ ഡിജിറ്റൽ ആർട്ടിൽ മിഴിവാർന്ന് പുഞ്ചിരിക്കുന്നു. അക്രലിക് മീഡിയത്തിൽ തെയ്യവും പരമശിവനും മറ്റ് ദേവീദേവന്മാരെയുമാണ് കടുംനിറങ്ങളുടെ ചായക്കൂട്ടിൽ വരച്ചിട്ടുള്ളത്. എൻഡോസൾഫാൻ മൂലം സെറിബ്രൽ പാൾസി ബാധിച്ച 29-കാരനായ കാസർകോട്, മുളിയാർ, മല്ലം പുഞ്ചൻകോട്ടെ സ്വദേശി കിരൺരാജ് വരച്ച ചിത്രങ്ങൾ തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടക്കുന്ന ഭിന്നശേഷിക്കാരുടെ 'സവിശേഷ കാർണിവൽ ഓഫ് ഡിഫറന്റ്'' കലാമേളയുടെ എക്സിബിഷനിലാണ് 'കിരൺസ് കോർണർ' എന്ന് പേരിട്ട സ്റ്റാളിൽ ഒരുക്കിയിട്ടുള്ളത്. കാസർകോട് ഗവ. കോളേജിൽ നിന്ന് ചരിത്രത്തിൽ ബിരുദവും ഡാറ്റ എൻട്രി കോഴ്സും പൂർത്തിയാക്കിയ കിരൺരാജ് കുഞ്ഞുനാളിലേ നന്നായി വരയ്ക്കുമായിരുന്നെന്ന് സഹോദരി പി കാവ്യ പറയുന്നു. 'ഇപ്പോൾ നാട്ടുകാരും പരിചയക്കാരും ആവശ്യപ്പെടുന്നതനുസരിച്ചു അവരുടെ പോർട്രെയ്റ്റ് ഡിജിറ്റൽ ആർട്ടായി വരച്ചു നൽകാറുണ്ട്. പക്ഷെ, വരയിൽ നിന്നും ഒരു സ്ഥിരവരുമാനം കിട്ടി തുടങ്ങിയിട്ടില്ല,' കാവ്യ പറഞ്ഞു. തിരുവനന്തപുരത്തേത് കിരണിന്റെ ആദ്യ പ്രദർശനവും വിൽപ്പനയുമാണ്. എൻഡോസൾഫാൻ പട്ടികയിൽ ഉള്ള വ്യക്തിയെന്ന നിലയിൽ പ്രതിമാസം 2000 രൂപ സർക്കാരിന്റെ പെൻഷൻ കിട്ടുന്നതാണ് ഏക സ്ഥിരവരുമാനം. അച്ഛൻ ദാമോദരന് കൃഷിപ്പണിയാണ്. അമ്മ രേവതി. കിരണിന് താഴെ കാവ്യ ഉൾപ്പെടെ രണ്ട് സഹോദരിമാർ ഉണ്ട്. പരിമിതികളെ തോൽപ്പിച്ചു പഠനത്തിൽ മുന്നേറിയ കിരൺരാജ് ചിത്രം വരയിൽ നിന്ന് സ്ഥിരമായ ഒരു വരുമാനം നേടി സ്വന്തം കാലിൽ നിൽക്കാനാണ് പരിശ്രമിക്കുന്നത്. പി എസ് സി പരീക്ഷയ്ക്ക് സ്വന്തം നിലയിൽ തയ്യാറെടുപ്പും നടത്തിവരുന്നു. കിരണിന്റെ ചിത്രങ്ങൾ @KIRAN_RAJ_P എന്ന ഇൻസ്റ്റഗ്രാം ഐഡിയിൽ നിന്ന് വാങ്ങാം. മൂന്ന് ദിവസത്തെ കലാമേള ബുധനാഴ്ച്ച സമാപിക്കും.



കിരൺരാജ് തന്റെ ചിത്രങ്ങളുമായി ഭിന്നശേഷി സർഗോത്സവമായ സവിശേഷ കലാമേളയിൽ

# ഐഎച്ച്ആർഡി തരംഗ് 2K26: വെബ്സൈറ്റ് പ്രകാശനം ചെയ്തു

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന ഐഎച്ച്ആർഡി സ്ഥാപനങ്ങളിലെ വിദ്യാർഥികളും ജീവനക്കാരും പങ്കാളികളാകുന്ന ഐഎച്ച്ആർഡിയുടെ ടെക്നോ-കൾച്ചറൽ ഫെസ്റ്റ് തരംഗ് 2K26 ഫെബ്രുവരി 7, 8 തീയതികളിൽ എറണാകുളം ജില്ലയിലെ കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും.

കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന ഏകദേശം 87 ഐഎച്ച്ആർഡി സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർഥികളും ജീവനക്കാരുമാണ് ദ്വിദിന പരിപാടിയിൽ പങ്കെടുക്കുന്നത്. സാങ്കേതികവും സാംസ്കാരികവുമായ കഴിവുകൾ പ്രദർശിപ്പിക്കുന്ന വിവിധ മത്സരങ്ങളും പരിപാടികളും ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു. തരംഗ് 2ഗ26ന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ പ്രകാശനം ഐഎച്ച്ആർഡി ഡയറക്ടർ ഡോ. വി. എ. അരുൺ കുമാർ നിർവഹിച്ചു. പരിപാടിയുടെ വിവരങ്ങൾ, രജിസ്ട്രേഷൻ, മത്സര വിശദാംശങ്ങൾ എന്നിവ വെബ്സൈറ്റിലൂടെ ലഭ്യമാകും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ഇരവിപുരം മണ്ഡലത്തിലെ പള്ളിമുക്ക്, ഐക്യനഗർ, കോളേജ് നഗർ എന്നിവിടങ്ങളിൽ സിപിഐ(എം) സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ മാസ്റ്റർ ഗൃഹസന്ദർശനത്തിൽ പങ്കെടുത്തപ്പോൾ.എം.നൗഷാദ് എം എൽ എ സമീപം.

# വീടുകൾ കയറി, ജനമനസ്സറിഞ്ഞ് എം.വി.ഗോവിന്ദൻ മാസ്റ്റർ

കൊല്ലം : വീട്ടുവിശേഷങ്ങൾ പങ്കിട്ടും വികസനകാര്യങ്ങൾ ചർച്ച ചെയ്തും പാർട്ടി സംസ്ഥാന സെക്രട്ടറിയുടെ ഗൃഹസന്ദർശനം. സിപിഐ(എം) സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ മാസ്റ്റർ ഇരവിപുരം മണ്ഡലത്തിലെ പള്ളിമുക്ക്, ഐക്യനഗർ, കോളേജ്നഗർ എന്നിവിടങ്ങളിലെ വീടുകൾ സന്ദർശിച്ച് ജനങ്ങളുമായി സംവദിച്ചു.

കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഓരോ വീട്ടിലുമെത്തി കുടുംബാംഗങ്ങളോടൊപ്പം ഇരുന്ന് വിശേഷങ്ങൾ ചോദിച്ചറിഞ്ഞു.സർക്കാരിൻറെ പത്ത് വർഷത്തെ വികസന -ക്ഷേമ പ്രവർത്തനങ്ങളിൽ ജനങ്ങൾ പൂർണ്ണ തൃപ്തി രേഖപ്പെടുത്തി. തുടർഭരണം നൽകിയ മാറ്റങ്ങൾ ജനങ്ങൾ അദ്ദേഹവുമായി പങ്കുവെച്ചു.

അതേസമയം മാധ്യമങ്ങൾ നടത്തുന്ന കുപ്രചാരണങ്ങളിലും ശബരിമല വിഷയമുൾപ്പടെ യുള്ളവയിൽ യുഡിഎഫും ബിജെപിയും നടത്തുന്ന തെറ്റായ പ്രചാരണങ്ങളിലും ചിലർ ആശങ്ക അറിയിച്ചു. യാഥാർത്ഥ്യങ്ങൾ അക്കമിട്ടു നിരത്തിയും വ്യാജവാർത്തകളെ തുറന്നുകാട്ടിയും അദ്ദേഹം അവരുടെ സംശയങ്ങൾക്ക് മറുപടി നൽകി.

പള്ളിമുക്കിലെ വിവിധ വീടുകളിലും കടകളിലും സന്ദർശനം നടത്തിയ എം.വി. ഗോവിന്ദൻ, ജനങ്ങളുടെ നിർദ്ദേശങ്ങളും പരാതികളും കേട്ടറിഞ്ഞാണ് മടങ്ങിയത്. എം.നൗഷാദ് എം എൽ എ, സിപിഐ(എം) ജില്ലാ സെക്രട്ടറിയറ്റ് അംഗം എക്സ്.ഏണസ്റ്റ്, കൊല്ലം ഈസ്റ്റ് ഏരിയാ സെക്രട്ടറി എ.പുഷ്പരാജൻ, പാലത്തറ ലോക്കൽ സെക്രട്ടറി എ.നാസിമുദീൻ, ഏരിയ കമ്മിറ്റിയംഗം എൻ.ജയലാൽ എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

# ഐ ഐ ഐ സി യിൽ പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന 200 വിദ്യാർഥികൾക്ക് സൗജന്യ പരിശീലനം

സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന് കീഴിൽ കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന 200 വിദ്യാർത്ഥികൾക്ക് സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനത്തിന് പിന്നോക്ക വിഭാഗ വികസന വകുപ്പ് ഉത്തരവിറക്കി. പത്താം ക്ലാസ് വിജയിച്ചവർക്കുള്ള കൺസ്ട്രക്ഷൻ ലബോറട്ടറി ആൻഡ് ഫീൽഡ് ടെക്നീഷ്യൻ ലെവൽ 4 ,അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ ലെവൽ 3, പ്ലസ് വൺ വിജയിച്ചവർക്കുള്ള എക്സ്കവേറ്റർ ഓപ്പറേറ്റർ ലെവൽ 4, മെക്കാനിക് ഹൈഡ്രോളിക് ലെവൽ 4,പ്ലസ് ടു വിജയിച്ചവർക്കുള്ള പ്ലംബർ ജനറൽ ലെവൽ 4 എന്നീ പരിശീലനങ്ങളിലാണ് വകുപ്പ് ആനുകൂല്യം പ്രഖ്യാപിച്ചിരിക്കുന്നത്.

ഒരു പരിശീലനത്തിൽ നാൽപതു പേർ വീതം ആകെ 200 പേർക്കാണ് അവസരം. സംസ്ഥനമൊട്ടാകെയുള്ള ഒബിസി വിഭാഗത്തിൽപ്പെടുന്നവർക്ക് അപേക്ഷിക്കാം. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. ഒരു വിദ്യാർത്ഥിക്ക് ഫീസിനത്തിൽ 25000 രൂപയാണ് വകുപ്പ് ഐ ഐ ഐ സിക്ക് അനുവദിക്കുന്നത്. താമസം ,ഭക്ഷണ ചെലവ് തെരെഞ്ഞെടുക്കപ്പെടുന്നവർ സ്വന്തമായി വഹിക്കേണ്ടതായി വരും. കോഴിക്കോട് ജില്ലയിൽ വടകര ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി ആണ് ഐ ഐ ഐ സിയുടെ നടത്തിപ്പ് ചുമതല നിർവഹിക്കുന്നത്. അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ, വരുമാന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയുമായി കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ നേരിട്ട് ഹാജരാവുക. അപേഷിക്കുവാനുള്ള അവസാന തീയതി 2026 ജനുവരി 31.വിവരങ്ങൾക്ക് 8078980000 നമ്പറിൽ ബന്ധപ്പെടുക. വെബ്സൈറ്റ് : www.iiic.ac.in



സി.പി.ഐ.എം ?മിഷൻ കൊല്ലം 11' പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജില്ലാ കമ്മിറ്റി ഓഫിസിൽ സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ മാസ്റ്റർ നിർവഹിക്കുന്നു. ജില്ലാ ആക്ടിങ് സെക്രട്ടറി എസ്.ജയമോഹൻ, സംസ്ഥാന കമ്മിറ്റിയംഗങ്ങളായ എസ്. സുദേവൻ, എം.എച്ച്.ഷാരിയർ, ചിന്ത ജെറോം, ജില്ലാ സെക്രട്ടറിയറ്റ് അംഗങ്ങളായ എക്സ്.ഏണസ്റ്റ്, വി.കെ.അനിരുദ്ധൻ, അഡ്വ.സബിദ ബീഗം എന്നിവർ സമീപം

# തിരഞ്ഞെടുപ്പിനൊരുങ്ങി സി.പി.ഐ(എം) മിഷൻ കൊല്ലം 11' ന് തുടക്കം

കൊല്ലം : 2026 നിയമസഭാ തിരഞ്ഞെടുപ്പിൽ കൊല്ലം ജില്ലയിലെ 11 നിയമസഭാ മണ്ഡലങ്ങളിലും ഉജ്ജ്വല വിജയം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് സി.പി.ഐ(എം) ആവിഷ്ക്കരിച്ച മിഷൻ കൊല്ലം 11' പ്രവർത്തനങ്ങൾക്ക് തുടക്കമായി. ക്യാമ്പയിൻറെ ഉദ്ഘാടനം സി.പി.ഐ.എം ജില്ലാ കമ്മിറ്റി ഓഫിസിൽ സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ മാസ്റ്റർ നിർവഹിച്ചു.ജില്ലയിലെ തൊഴിലാളികളുടെയും സാധാരണക്കാരുടെയും ഇടയിലുള്ള എൽ.ഡി.എഫ് സ്വാധീനം തെരഞ്ഞെടുപ്പിൽ പ്രതിഫലിപ്പിക്കുന്നതിനും സർക്കാരിൻറെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിനുമായി ചിട്ടയായ പ്രവർത്തനങ്ങളാണ് പാർട്ടി ആസൂത്രണം ചെയ്തിരിക്കുന്നത്. 2016 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ജില്ലയിൽ ലഭിച്ച സമ്പൂർണ്ണ വിജയം ഇത്തവണ ആവർത്തിക്കുകയാണ് മിഷൻ കൊല്ലം 11ൻറെ ലക്ഷ്യം. ചടങ്ങിൽ സി.പി.ഐ.എം ജില്ലാ ആക്ടിങ് സെക്രട്ടറി എസ്. ജയമോഹൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗങ്ങളായ എസ്.സുദേവൻ, എം.എച്ച്.ഷാരിയർ, ചിന്ത ജെറോം, ജില്ലാ സെക്രട്ടറിയറ്റ് അംഗങ്ങളായ എക്സ്.ഏണസ്റ്റ്, വി.കെ.അനിരുദ്ധൻ, അഡ്വ.സബിദാ ബീഗം എന്നിവർ സംബന്ധിച്ചു.

# തെറ്റായ വാർത്ത: പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

എം.എൻ. ജനാർദ്ദനൻ നമ്പ്യാർക്കെതിരെ ബലാത്സംഗ കുറ്റം ആരോപിച്ച് സമർപ്പിച്ച പരാതിയിൽ വ്യക്തമായ അന്വേഷണം നടത്താതെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി കോടതിയിൽ തെറ്റായ റിപ്പോർട്ട് സമർപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി നടപടിയ്ക്ക് ഉത്തരവായി. തൃശൂർ അസിസ്റ്റന്റ് സെഷൻസ് കോടതി എം. എൻ. ജനാർദ്ദനൻ നമ്പ്യാരെ കുറ്റവിമുക്തനാക്കിയിട്ടുണ്ട്. ബലാത്സംഗ കുറ്റത്തിന് പ്രോസിക്യൂട്ട് ചെയ്ത ഉദ്യോഗസ്ഥരുടെ ഭാഗത്ത് ബോധപൂർവ്വമായ വീഴ്ചയുള്ളതായി കണ്ടെത്തി. അതിന് കാരണക്കാരായ പോലീസ് ഉദ്യോഗസ്ഥർ കെ. ജി. സുരേഷ് (മുൻ സർക്കിൾ ഇൻസ്പെക്ടർ, ഗുരുവായൂർ പോലീസ് സ്റ്റേഷൻ), കെ. സുദർശൻ (റിട്ട.) (മുൻ സർക്കിൾ ഇൻസ്പെക്ടർ, ഗുരുവായൂർ പോലീസ് സ്റ്റേഷൻ), ശിവദാസൻ (റിട്ട.) (മുൻ എസിപി, ഡിസിആർബി തൃശൂർ) എന്നിവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിന് തൃശൂർ റേഞ്ച് ഐജിപിക്ക് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി നിർദ്ദേശം നൽകി.

# ഔഷധസസ്യ ബോർഡിൽ ക്ലർക്ക്

സംസ്ഥാന ഔഷധസസ്യ ബോർഡിൽ ക്ലർക്ക് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത വേണം.

കംപ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയും (ഡി.സി.എ) ഉണ്ടായിരിക്കണം. ഓഫീസ് മേലധികാരിയുടെ നിരാക്ഷേപപത്രം സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സംസ്ഥാന ഔഷധസസ്യ ബോർഡ്, ഷൊർണൂർ റോഡ്, തിരുവമ്പാടി പോസ്റ്റ്, തൃശൂർ - 680022 വിലാസത്തിൽ ജനുവരി 31 വൈകിട്ട് 5 നകം നൽകണം.




ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

കണക്ട് ടു വർക്ക്
കരിയറിലേക്ക്
ഒരു കണക്ഷൻ

യുവത്വത്തിന്റെ സ്വപ്നങ്ങൾക്ക് സർക്കാർ നൽകുന്ന കൈത്താങ്ങ്, "മുഖ്യമന്ത്രിയുടെ Connect to Work"പദ്ധതി. സ്കിൽ ട്രെയിനിംഗിലും മത്സരപരീക്ഷാ തയ്യാറെടുപ്പിലും ഏർപ്പെടുന്ന യുവാക്കൾക്ക് പ്രതിമാസം 1000 രൂപ സാമ്പത്തിക സഹായം. അവരുടെ കഴിവുകളെ തൊഴിൽ അവസരങ്ങളുമായി ബന്ധിപ്പിക്കുന്ന ഉറച്ച കൈത്താങ്ങ്.

കണക്ട് ടു വർക്ക് സ്കോളർഷിപ്പ് പദ്ധതി
സംസ്ഥാനതല ഉദ്ഘാടനം

ഉദ്ഘാടനം : ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി
അധ്യക്ഷൻ : ശ്രീ. വി. ശിവൻകുട്ടി
ബഹു . പൊതുവിദ്യാഭ്യാസം,
തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി

2026 ജനുവരി 21 വൈകുന്നേരം 4 ന്
നിശാഗന്ധി ഓഡിറ്റോറിയം , തിരുവനന്തപുരം



ഒന്നായി തുടരാം
നവകേരളത്തിലേക്ക്

യോഗ്യത:

- പ്ലസ് ടു / വി എച്ച് എസ് സി/ ഐ ടി ഐ /ഡിപ്ലോമ / ഡിഗ്രി വിജയത്തിന് ശേഷം കേന്ദ്ര / സംസ്ഥാന സർക്കാർ വകുപ്പുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ / അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളിൽ വിവിധ സ്കിൽ ട്രെയിനിംഗ് നടത്തുന്നവർ
- രാജ്യത്തെ അംഗീകൃത സർവകലാശാലകൾ / 'ഡീംഡ്' സർവകലാശാലകൾ എന്നിവിടങ്ങളിൽ പരിശീലനം നടത്തുന്നവർ
- UPSC, PSC, SSC, Bank, റെയിൽവേ, കരസേന/നാവികസേന /വ്യോമസേന മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർ
- കേന്ദ്ര / സംസ്ഥാന പൊതുമേഖലാ റിക്രൂട്ട്മെന്റ് ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർ
- കേരളത്തിലെ സ്ഥിരതാമസക്കാർക്ക് അപേക്ഷിക്കാം
- പ്രായപരിധി: 18 – 30 വയസ്
- കുടുംബ വാർഷിക വരുമാനം: 5 ലക്ഷം വരെ
- അപേക്ഷാ തീയതിയുടെ മുൻഗണനാ ക്രമത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുക

www.eemployment.kerala.gov.in
എന്ന പോർട്ടൽ മുഖേന മാത്രം
അപേക്ഷിക്കുക